LOURDES HOSPITAL
www.lourdeshospital.in

# LOURDES PULSE

A Bulletin of Lourdes Hospital

8 pages
Book 1 Vol 2
Oct. - Nov. 2011

SCANNING

Stethoscope
Page 2

Signature
Page 2

History Sheet
Page 2

കൈകഴുകൽ ഓർമ്മിപ്പിക്കാൻ ഒരുദിവസം
Page 3

കുട്ടികളും മാനസിക ആരോഗ്യവും
Page 4

എന്താണ് സിസ്റ്റമിക് ലൂപ്പസ് എറിത്മാറ്റോസിസ് അഥവാ SLE
Page 5

News Line
Page 6

സ്നേഹസാന്നിദ്ധ്യത്തിന്റെ കുളിർകാറ്റ്
Page 7

Higher Ends
Page 8

രക്തദാനം സ്നേഹസന്ദേശം
Page 8

HEART BEATS



## ലൂർദ് ആശുപത്രിയിൽ ലോകസന്ധിവാത ദിനാചരണം

### ഒക്ടോബർ 11 ചൊവ്വാഴ്ച

കൊച്ചി: എറണാകുളം ലൂർദ് ആശുപത്രിയിൽ ലോകസന്ധിവാത ദിനം ആചരിക്കുന്നു. ഒക്ടോബർ 11-ാം തീയതി ചൊവ്വാഴ്ച്ച സന്ധിവാത രോഗങ്ങൾക്ക് മാത്രമായി രാവിലെ 9.30 മുതൽ 12.30 വരെ സൗജന്യ സന്ധിവാതരോഗ നിർണ്ണയ ക്യാമ്പ് നടത്തപ്പെടുന്നു. ക്യാമ്പിന് റുമറ്റോളജിവിഭാഗം മേധാവി ഡോ. ജോതോമസ് MD, DNB നേതൃത്വം വഹിക്കും. സാധാരണയായി കണ്ടുവരുന്ന സന്ധികളിൽ വേദന, നീർക്കെട്ട്, വീക്കം, സന്ധികൾ ചലിക്കാനാവാത്ത അവസ്ഥ, സന്ധികൾക്ക് ചുറ്റും അസാധാരണമായ ചൂട്, സന്ധികൾക്ക് ചുറ്റുമുള്ള ചർമ്മത്തിന് ചുവപ്പു നിറം എന്നി ലക്ഷണങ്ങൾ ഉള്ളവർക്ക് ഈ ക്യാമ്പിൽ പങ്കെടുക്കാവുന്നതാണ്. സൗജന്യ മെഡിക്കൽ ക്യാമ്പിനുള്ള പ്രത്യേക രജിസ്ട്രേഷൻ ലൂർദ് ആശുപത്രിയുടെ എൻക്വയറി കൗണ്ടറിൽ നടത്തപ്പെടും.

ബന്ധപ്പെടേണ്ട നമ്പർ
**0484 - 4121233/4121234**

ലൂർദ് ആശുപത്രിയിൽ ആരംഭിച്ചിരിക്കുന്ന റുമറ്റോളജി വിഭാഗത്തിൽ റുമറ്റോയ്ഡ് ആർത്രൈറ്റിസ് (ആമവാതം), ഓസ്റ്റിയോ ആർത്രൈറ്റിസ് (സന്ധിതേയ്മാനം), ആർത്രൈറ്റിസ് (സന്ധിവാതം), ഗൗട്ട് (രക്തവാതം), ലൂപ്പസ് (SLE) ചർമ്മാർബുദം, സോറിയാറ്റിക് ആർത്രൈറ്റിസ്, വാസ്കുലൈറ്റിസ്, അങ്കിലോസിങ്ങ്സ് പോണ്ടിലൈറ്റിസ്, റിയാക്ടീവ് ആർത്രൈറ്റിസ്, ജുവനൈൽ ഇഡിയോപതിക് ആർത്രൈറ്റിസ് എന്നീ രോഗങ്ങൾക്കുള്ള ചികിത്സാ സൗകര്യങ്ങളുണ്ട്.

STETHOSCOPE



# പുഞ്ചിരിപ്പൂ പോലൊരു പൂത്തിരിവെട്ടം

ഹൃദയസ്പന്ദനപരിശോധിനിയായ സ്റ്റെതസ്ക്കോപ്പിൽ മനസ്സു ചേർക്കുമ്പോൾ ആതുരമാകുന്ന കേരളത്തിന്റെ താളഭംഗംവന്ന മിടിപ്പ് കേൾക്കാം. ചോരകുഞ്ഞിനെ മടലിന് അടിച്ചുകൊന്ന ജനയിതാക്കളും, മകളെ ചൂഷണത്തിനിരയാക്കിയ പിതാവും, ലഹരി കവരുന്ന ആഘോഷങ്ങളും, ആത്മഹത്യാമുനമ്പിൽ വിതുമ്പുന്ന യുവതിയും, മാനസിക സമ്മർദ്ദങ്ങളിൽ കോലംതുള്ളുന്ന മനുഷ്യരും നമ്മുടെ രോഗം വെളിപ്പെടുത്തുന്നു. മാനസിക രോഗികളുടെ സ്വന്തം നാടായി കേരളം മാറുന്ന പശ്ചാത്തലത്തിലാണ് ലോക മാനസിക ദിനം ഒക്ടോബർ പത്താം തിയ്യതി കടന്നുവരുന്നത്.
ലഹരി പിശാചിന്റെ അടിമത്വത്തിൽ നിപതിക്കുന്ന ജനവിഭാഗത്തിന് സഹായഹസ്തവുമായി ലൂർദ് തുനിഞ്ഞിറങ്ങുന്നു. ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികളുടെ പ്രമേയം ലഹരി വിമോചനമാണ്. ലഹരി വിമോചനത്തിനുള്ള പരിശീലന പരിപാടികളും, ബോധവൽക്കരണവും ലഹരി വിമുക്തകേന്ദ്രവും ലക്ഷ്യമാക്കിയാണീ പ്രയാണം. സമാനചിന്താഗതിയുള്ള സന്നദ്ധ സംഘടനകളും വ്യക്തികളും നമുക്ക് വാഗ്ദാനം ചെയ്ത പിന്തുണ പ്രോത്സാഹജനകമാണ്.
ആരോഗ്യകേരളത്തിന്റെ ലക്ഷണങ്ങൾ നാട് അനാരോഗ്യാവസ്ഥയിലേക്ക് കൂപ്പുകുത്തുന്നുവെന്ന് വെളിപ്പെടുത്തുന്നു. ലോകത്തിലെ ബാലമരണത്തിന്റെ കാരണങ്ങളിൽ ഒരു പങ്ക് കൈ കഴുകാതിരിക്കുന്ന സ്വഭാവത്തിനുണ്ടെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഇതിലെനിക്കു പങ്കില്ലെന്ന് പറഞ്ഞ് ആർക്കും കൈ കഴുകി മാറാനാവില്ല എന്ന് ആഗോള കൈകഴുകൽ ദിനം (ഒക്ടോബർ 15) പങ്കുവക്കുന്നു. സ്വന്തം പുരയിടങ്ങളിലെ പരിസരശുചിത്വത്തിലേക്ക് എങ്കിലും നാം ശ്രദ്ധ  തിരിക്കേണ്ടിയിരിക്കുന്നു.
ഒരു സൂചനയുമില്ലാതെ ഒരിക്കൽ നാമെല്ലാവരും അന്ധരായി തീർന്നാൽ എങ്ങിനെയിരിക്കും? കൗതുകകരവും വൈരുദ്ധ്യം നിറഞ്ഞതുമായ അത്തരം അനുഭവം വിവരിക്കുന്ന നോവലാണ് 'ബ്ലൈൻഡ്നെസ്.' നോബേൽ പുരസ്ക്കാരം നേടിയ ഷൂസേ സരമാഗുവാണ് അന്ധതയുടെ കർത്താവ്. നാം സഹജീവികളോട് ചെയ്യുന്ന നഗ്നമായ ക്രൂരതയും യുക്തിരാഹിത്യവുമാണ് 'അന്ധത' വെളിച്ചത്തു കൊണ്ടുവരുന്നത്. ദിനന്തോറും പത്രമാധ്യമങ്ങൾ അന്ധത പടരുന്ന സമൂഹത്തിന്റെ അസ്വസ്ഥത ജനിപ്പിക്കുന്ന വിചിത്ര വാർത്തകൾ നമ്മെ അറിയിക്കുന്നു. ഹൃദയങ്ങളിൽ കുടികൊള്ളുന്ന ആസുരികതയെ നിഗ്രഹിക്കാൻ തിന്മയെ മറികടന്ന് നന്മയിലേക്ക് കടക്കാൻ, അന്ധകാരം വലയം ചെയ്യുമ്പോൾ തിരിവെട്ടം പരത്താൻ ആഹ്വാനം ചെയ്യുന്ന ദീപങ്ങളുടേയും മധുരങ്ങളുടെയും ഉത്സവമാണ് ദീപാവലി. 'ലോകാസമസ്തസുഖിനോ ഭവന്തു'എന്നു കാംക്ഷിക്കുന്ന സുമനസ്സുകൾ പുഞ്ചിരിപ്പൂ പോലൊരു പൂത്തിരി കൈയ്യിലേന്തി ഈ ജീവിതം വെട്ടം തരുന്ന ഉത്സവദിനങ്ങളാകട്ടെ എന്ന് ആശംസ.

**ഫാ. സാബു നെടുനിലത്ത്**
ഡയറക്ടർ

SIGNATURE



**അബ്ദുൾ അസീസ് ബാവ**
**(സംഗീത സംവിധായകൻ)**
"...ഡോക്ടറും എല്ലാ നഴ്സുമാരും കഴിവുറ്റവരും പ്രഗത്ഭരുമായി ലൂർദ് ആശുപത്രിയിൽ എനിക്കനുഭവപ്പെട്ടു. നേഴ്സുമാരിൽ എന്റെ മകളെയും സഹോദരിയെയും കാണാൻ എനിക്ക് കഴിഞ്ഞു. രോഗികൾ രോക്ഷം കൊള്ളുമ്പോഴും, മോശമായി പെരുമാറുമ്പോഴും പുഞ്ചിരിക്കാൻ മറക്കാത്ത, വാത്സല്യത്തോടെ പരിചരിക്കാൻ മടിയില്ലാത്ത, മാലാഖമാരായി ഞാനവരെ കണ്ടു. സ്വർഗ്ഗത്തിൽ അവർക്കായ് സ്ഥലം അവർ സജ്ജമാക്കി കഴിഞ്ഞെന്ന് ഞാനവരോട് പറഞ്ഞു. എല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി പ്രകാശിപ്പിക്കുന്നു. എന്റെ കുടുബവും, കൂട്ടുകാരും സഹപ്രവർത്തകരും ലൂർദാശുപത്രിയിൽ പോകണമെന്ന് ഞാൻ തീർച്ചയായും ശുപാർശ ചെയ്യും.."

**വിമലമേരി - കാക്കനാട്**
"...എന്റെ ഭർത്താവ് ശ്രീ. ജോസഫിനെ വലതുഭാഗത്തെ തളർച്ചയെ തുടർന്ന് ലൂർദിൽ ചികിത്സയ്ക്കുവേണ്ടി അഡ്മിറ്റ് ചെയ്തു. വിദഗ്ദചികിത്സയും കൈ പുണ്യവും സർവ്വോപരി ദൈവാനുഗ്രഹവും കൊണ്ട് എല്ലാവരും പ്രതീക്ഷിച്ചതിലും നേരത്തെ ഭർത്താവ് സുഖപ്പെടുകയും നടക്കുവാൻ സാധിക്കുകയും ചെയ്തു.
ഒരാളുടെ വരുമാനം മാത്രം ആശ്രയിച്ച് ജീവിക്കുന്ന ഞങ്ങളുടെ കുടുംബത്തിന് പ്രതീക്ഷിക്കാതെ വന്ന ഈ ചെലവിന് ബഹുമാനപ്പെട്ട ഡയറക്ടർ അച്ചൻ തന്ന വലിയ ഇളവ് ഞാനും എന്റെ കുടുംബവും സ്നേഹപൂർവ്വം സ്മരിക്കുന്നു."

## HISTORY SHEET

### 2002

ഒക്ടോബർ മാസത്തിൽ ആരംഭിച്ച ലൂർദ് നഴ്സിംഗ് കോളേജ് ഒമ്പതു വർഷം പിന്നിടുന്നു. ബി.എസ്സ്.സി.നഴ്സിംഗ് പോസ്റ്റ് ബേസിക് ബി എസ്സ്.സ്സി നഴ്സിംഗ് എന്നീ കോഴ്സുകളിലായി ഇതുവരെ അഞ്ഞൂറിൽപരം വിദ്യാർത്ഥികൾ മികച്ച വിജയത്തോടെ ഇവിടെ പരിശീലനം പൂർത്തിയാക്കികഴിഞ്ഞു.

### 1985

രണ്ട് യൂണിറ്റുകളിലായി നാഡിരോഗങ്ങൾക്ക് സമഗ്ര ചികിത്സ നല്കുന്ന ന്യൂറോളജി വിഭാഗം ഒക്ടോബറിൽ 16 വർഷം പിന്നിടുന്നു. 12 കിടക്കളോടെ ആധുനീകരിച്ച ന്യൂറോ ഐ. സി. യു ന്യൂറോളജി വിഭാഗത്തിന് പിറന്നാൾ സമ്മാനമാണ്.

LOURDES PULSE

# ഒക്ടോബർ 15:
# കൈകഴുകൽ ഓർമ്മിപ്പിക്കാൻ ഒരുദിവസം



സിസ്റ്റർ ലില്ലി ജോസഫ് SCCG

സാന്ത്വനം പകരുന്ന കൈകളെ ശുചീകരിക്കൂ! ജീവൻ സംരക്ഷിക്കൂ! “നമ്മുടെയും നമ്മുടെ സഹോദരങ്ങളുടെയും സുരക്ഷ നമ്മുടെതന്നെ കൈകളിലാണ്.” എന്ന സന്ദേശവുമായി ഒക്ടോബർ 15ന് ലൂർദാശുപത്രിയിൽ ആഗോള കൈകഴുകൽ ദിനം ആചരിക്കുന്നു. ഇതിലെന്താണ് ഇത്ര പറയാൻ! എന്ന് അത്ഭുതപ്പെടാൻ വരട്ടെ. വഷളായികൊണ്ടിരിക്കുന്ന പരിസ്ഥിതിയും, മണ്ണും വെള്ളവും ഭരവസ്തുക്കളും പലപ്പോഴും വെറും കൈകൊണ്ടാണ് നാം കൈകാര്യം ചെയ്യുന്നത്. മലമൂത്ര വിസർജ്ജനത്തിനുശേഷവും അണുബാധിതരെ സ്പർശിച്ചശേഷവും കൈ കഴുകാത്ത എത്രയോ പേർ നമ്മുടെ ഇടയിലുണ്ട്. ഇപ്രകാരം മലിനമാകുന്ന കൈകളിലൂടെ ഒട്ടേറെ രോഗങ്ങൾ നമ്മുടെ ശരീരത്തിലേക്കും മറ്റുള്ളവരുടെ ശരീരത്തിലേക്കും നാമറിയാതെ കടത്തിവിടുന്നു. വയറിളക്കം, ന്യുമോണീയ പോലുള്ള ശ്വാസകോശരോഗങ്ങൾ, പകർച്ചവ്യാധികൾ എന്നിവയ്ക്കുള്ള കാരണം ശുചിത്വമില്ലായ്മായാണെന്നുള്ള സന്ദേശമാണ്, ഹാൻഡ് വാഷിങ്ഡേ (കൈകഴുകൽദിനം) ആചരണം പകർന്നു നൽകുന്നത്.

സോപ്പും ശുദ്ധജലവും ഉപയോഗിച്ച് ഇരുകൈകളും ദിവസേനപലതവണ കഴുകുകയാണ് രോഗ പ്രതിരോധത്തിനുള്ള ഏറ്റവും ലളിതവും ഫലപ്രദവുമായ ഉപാധി.

സോപ്പ് ഉപയോഗിച്ച് കൈകഴുകുന്ന ഇത്തരം ചെറിയ ശീലത്തിലൂടെ പകർച്ച വ്യാധികളെ ഗണ്യമായി കുറക്കാമെന്ന ലക്ഷ്യവുമായി ആരോഗ്യപരിപാലകർ മുന്നേറുകയാണ്. ഇതൊരു ജീവൻ സുരക്ഷാശീലമാണ്. ശീലിപ്പിക്കാൻ പ്രയാസമുള്ളതും എന്നാൽ ശീലിച്ചാൽ ലളിതമായതും. ശുചിത്വം ഉറപ്പാക്കുന്ന വിധത്തിൽ കൈകഴുകാനുള്ള രീതികൾ ലൂർദിലെ ഓരോ സ്റ്റാഫിനേയും, വിദ്യാർത്ഥി വിദ്യാർത്ഥിനിയേയും പരിശീലിപ്പിച്ചു കഴിഞ്ഞു. ആവശ്യമായ ബോധവത്ക്കരണവും നൽകി വരുന്നു ഒരു നല്ല കാര്യം പറയട്ടെ ആധുനികവും മികച്ചതുമായ എല്ലാ ഔഷധങ്ങളേക്കാളും സഹജവും സ്വാഭാവികവുമായ കൈകഴുകലിന് പ്രാധാന്യം കൊടുക്കുക ‘ചൊട്ടയിലെ ശീലം ചൊടല വരെ.’ “ശുചിത്വമുള്ള കൈകൾ ജീവിതം സുരക്ഷിതമാക്കുന്നു”.എന്നതാണ്ആഗോള കൈകഴുകൽ ദിനത്തിലെ ആപ്തവാക്യം.

വികസ്വരരാജ്യങ്ങളിൽ ഭൂജാതരാകുന്ന 120 ദശലക്ഷം കുട്ടികളിൽ പകുതിയും ശുചിയായ പരിസരങ്ങളുടെ അഭാവം നിമിത്തം അതിജീവനത്തിന് ബുദ്ധിമുട്ടു നേരിടുന്നുവെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. അഞ്ചുവയസ്സിനു താഴെ മരണപ്പെടുന്ന കുട്ടികളിൽ എൺപതു ശതമാനത്തിന്റെയും കൊലയാളി അതിസാരമത്രെ. അതിനാലാണ് ആഗോളകൈകഴുകൽ ദിനം മുഖ്യമായും കുട്ടികളെ ലക്ഷ്യം വയ്ക്കുന്നത്. വെറുതെ വെള്ളം മാത്രം ഉപയോഗിച്ച് കഴുകിയതുകൊണ്ട് കൈകൾ വേണ്ടത്ര ശുദ്ധിയുള്ളതാകണമെന്നില്ല. സോപ്പ് ഉപയോഗിച്ച് കൈകഴുകിയാൽ മാത്രം മതിവർഷന്തോറും ദശലക്ഷം ജീവിതങ്ങൾ രക്ഷപ്പെടാൻ, ജീവിതം സുരക്ഷിതമാക്കാൻ നമ്മുടെ കൈകൾ ശുചിയായി കഴുകാൻ ഇന്നുമുതൽ നമുക്കു ശീലിക്കാം.

## ശാസ്ത്രീയമായി കൈ കഴുകുന്നതിനുള്ള ആറ് ഘട്ടങ്ങൾ

- ആദ്യം സോപ്പ് ഉപയോഗിച്ച് ഉള്ളംകൈകൾ രണ്ടും ചേർത്ത് തിരുമ്മി കഴുകുക.
- വലത് ഉള്ളംകൈ ഇടതു കൈപ്പത്തിക്കു മുകളിലും ഇടത് ഉള്ളംകൈ വലതു കൈപത്തിക്കു മുകളിലും ഉരസി കഴുകുക.
- ഉള്ളം കൈകൾ വിരലുകൾക്കിടയിൽ തിരുമ്മി കഴുകുക.
- കൈപത്തികളിലെ വിരലുകൾ പരസ്പ്പരം കോർത്തു പിടിച്ചുകഴുകുക.
- ഇരുകൈയിലെ തള്ളവിരലുകൾ തിരുമ്മി കഴുകുക.
- നഖങ്ങൾ ഉള്ളം കൈയിൽ ഉരച്ചുകഴുകുക.





# കുട്ടികളും മാനസിക ആരോഗ്യവും

ഡോ. (കേണൽ) ഡോ.രാമചന്ദ്രൻ കുട്ടി (MD DPM)

കുട്ടിക്കാലം എല്ലവർക്കും വസന്തോത്സവങ്ങളുടെ കാലമാണ്. ആ കാലത്തിന്റെ നിറം പിടിപ്പിച്ച ഓർമ്മകൾ അയവിറക്കാത്ത വ്യക്തികളില്ല. അമ്മയുടെയും അച്ഛന്റെയും സ്നേഹ വാത്സല്യങ്ങളും ഒപ്പം അദ്ധ്യാപകരുടെ പ്രോത്സാഹനങ്ങളും ഏറ്റു വാങ്ങുന്ന കാലം. കുതിച്ചു പാഞ്ഞൊഴുകുന്ന പുഴയെപോലെ ഒഴുകി നീങ്ങുന്ന ബാല്യം. വേനലിലെ തെളി നീരൊഴുക്കുന്ന പുഴയും, പിന്നീട് വരുന്ന മഴക്കാലത്ത് ചെളിയും ചെന്ന് ചേരുന്ന മാലിന്യങ്ങളുമായി കലങ്ങി മറിഞ്ഞൊഴുകുന്ന പുഴയും ഒന്നിന്റെ വിവിധഭാവങ്ങൾ തന്നെ. നിറം ചാലിച്ച ഓർമ്മകളുടെ സ്ഥാനത്ത്. ഇപ്പോൾ നിറം മങ്ങിയ ഓർമ്മകളാകുന്നുവോ?

ആശ്രയത്തിൽ നിന്നും സ്വാശ്രയത്തിലേക്കുള്ള വളർച്ച ബാല്യം മുതലേ തുടങ്ങുന്നു. ഒപ്പം ഒരു പിടി പ്രശ്നങ്ങളും.

കുട്ടികളിൽ ചെറുപ്രായത്തിൽ കാണുന്ന വാശികളും, നിർത്താതെയുള്ള കരച്ചിലും, നെഞ്ചത്തടിക്കലും, തലയിട്ടടിക്കലുമൊക്കെ പിൽക്കാല വ്യക്തിത്വ വൈകല്യങ്ങളുടെ ആദ്യ സൂചനകങ്ങളായി കാണാം. കുട്ടികളിൽ കാണുന്ന 'പെരുമാറ്റദൂഷ്യം' (Conduct disorder) എന്ന മാനസിക ആരോഗ്യ പ്രശ്നമാണ് ഈ പംക്തിയിൽ ചർച്ച ചെയ്യുന്നത്.

## പെരുമാറ്റ ദൂഷ്യം

അനുസരണക്കേട്, കളവുപറയൽ, മോഷണം, ഓടിപ്പോകൽ, പകപോക്കൽ തുടങ്ങി അവന്റെ പ്രായത്തിലുള്ള കുട്ടികൾ വിധേയരാവുന്ന സാമൂഹ്യ നിയമങ്ങളുടെ ലംഘനമാണ് ഇക്കൂട്ടരുടെ മുഖമുദ്ര. കുറ്റബോധമില്ലായ്മ പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു.

ചെറുപ്പത്തിലെ തന്നെ ലഹരി അടിമത്വം, ലൈംഗിക തെറ്റുകൾ എന്നിവയിലേക്ക് ഓടിയെത്താനും ഇക്കൂട്ടർക്ക് സാധ്യത കൂടുതലാണ്. തകർന്ന കുടുംബ ബന്ധങ്ങൾ കുടുംബാംഗങ്ങളുടെ ലഹരി ഉപയോഗം, സാമൂഹ്യ വിരുദ്ധ പശ്ചാത്തലം, നല്ല റോൾ മോഡലുകളുടെ അഭാവം എന്നിവ ഇതിനെസ്വാധീനിക്കുന്ന പ്രധാനഘടകങ്ങളാണ്.

മാധ്യമ സ്വാധീനം, കുടുംബങ്ങളിലെ തെറ്റായ മാതൃകകൾ, അച്ചടക്കമില്ലാതെയുള്ള വളർത്തൽ, കൂട്ടു കുടുംബങ്ങളിൽ നിന്നും സ്വാർത്ഥതയുടെ പ്രതീകങ്ങളായ അണു കുടുംബത്തിലേയ്ക്കുള്ള മാറ്റം തുടങ്ങി ഒരു പാടു ഘടകങ്ങളുടെ അനന്തരഫലമായ ലഹരി അടിമത്വത്തെയും, ലൈംഗീക അസ്വസ്ഥതകളേയും വ്യക്തിത്വ വൈകല്യങ്ങളെയും വളരെ ഭീതിയോടെ മാത്രമേ നോക്കി കാണാനാവൂ.

സ്കൂളുകൾക്ക് മുന്നിലുള്ള പെട്ടികടകളിൽ ഞാന്നു കിടക്കുന്ന പല വർണ്ണത്തിലുള്ള വിഷപായ്ക്കറ്റുകൾ (പാനുകൾ) 2-3 രൂപയ്ക്ക് കുട്ടികളിലേക്ക് എത്തിക്കുന്നത് ലഹരി അടിമത്വവും കാൻസറുപോലുള്ള മാരക രോഗങ്ങളുമാണ്. ഇതിനെതിരെ തീവ്ര ബോധവത്ക്കരണ ശ്രമങ്ങളും അധ്യാപക രക്ഷാകർത്തൃ സമിതികളുടെ ഇടപെടലും ആവശ്യമാണ്. അധ്യാപകരെ തങ്ങളുടെ റോൾ മോഡലായി കാണുന്ന ആ പ്രായത്തിൽ, ഉയർന്ന ധാർമ്മിക നിലവാരം പുലർത്തി തങ്ങളുടെ കുട്ടികൾക്ക് നല്ല മാതൃകകളാകാനുള്ള അധ്യാപകരുടെ ചുമതല പ്രത്യേകം എടുത്തു പറയേണ്ടതില്ലല്ലോ.

ദൈവത്തിന്റെ സ്വന്തം നാടിന് 'കുടിയന്മരുടെ സ്വന്തം നാട്' എന്ന പേര് ഇപ്പോഴെ പതിച്ചു കിട്ടിയിട്ടുണ്ട്. അരിഷ്ടത്തിന്റെ മറവിൽ മദ്യം കഴിക്കുന്ന അച്ഛന്മാർക്ക്, ജൂസിന്റെ മറവിൽ മദ്യം വിളമ്പുന്ന കടക്കാരും കഴിക്കുന്ന കുട്ടികളും പിന്മുറക്കാരാകുന്നു. "മുൻപേ ഗമിക്കുന്ന ഗോവു തന്റെ പിൻപേ ഗമിക്കും ബഹുഗോക്കളെല്ലാം " എന്ന ചൊല്ല് ഇവിടെ അന്വർത്ഥമാകുന്നു. മുൻകാലങ്ങളിൽ വളരെ കുറച്ചുപേരിൽ മാത്രവും അതും മധ്യ വയസ്സ് പിന്നിട്ടവരിൽ മാത്രവും കണ്ടു കൊണ്ടിരിന്ന ലഹരി അടിമത്വം ഇന്ന് 15കളിലേക്കും 20കളിലേക്കും ഇറങ്ങി വന്നിരിക്കുന്നു. അതിനെ നെഞ്ചേറ്റുവാൻ ആൺ പെൺ വ്യത്യാസമില്ലാതെ ഇന്നത്തെ കുട്ടികൾ ധൃതി കാണിക്കുന്നു. അപകടകരമായ ഈ പ്രവണതയെ ചെറുക്കുവാൻ സാമൂഹ്യ പ്രതിബദ്ധതയുള്ളവർ കച്ച കെട്ടിയിറങ്ങണം. നല്ല മാതൃകകളും ബോധവത്കരണ ശ്രമങ്ങളും ഇത്തരം പ്രവണത ഇല്ലാതാക്കാൻ സഹായിക്കുന്നു.

അല്ലാത്തപക്ഷം ഓടയിലും, കടത്തിണ്ണയിലും പട്ടികളെപോലെ ചത്തു ചീഞ്ഞു നാറുന്ന നാളത്തെ പൗരന്മാരുടെ ദുരന്തകാഴ്ചകൾ നാം കാണേണ്ടിവരുമെന്നത് തീർച്ചയാണ്.

CONSULTATION

LOURDES PULSE

# എന്താണ് SLE?

## സിസ്റ്റമിക് ലൂപ്പ്സ് എറിതമാറ്റോസിസ്

സിസ്റ്റമിക് ലൂപ്പ്സ് എറിതമാറ്റോസിസ് അഥവാ SLE സാധാരണയായി 'ലൂപ്പസ്' എന്നറിയപ്പെടുന്നു. ഇത് ശരീരത്തിലെ രോഗപ്രതിരോധ സംവിധാനത്തെ ക്രമേണയായി ബാധിക്കുന്ന രോഗമാണ്. സാധാരണയായി രോഗ പ്രതിരോധ സംവിധാനം നമ്മുടെ ശരീരത്തിൽ പ്രവേശിക്കുന്ന ബാക്ടീരിയ, വൈറസ് മുതലായവയെ ചെറുത്ത് നിർക്കുന്നു. എന്നാൽ ലൂപ്പസ് അവസ്ഥയിൽ രോഗ പ്രതിരോധ സംവിധാനം ശരീരത്തിനെതിരായി പ്രവർത്തിച്ച് ആരോഗ്യമുള്ള കോശങ്ങളെ നശിപ്പിക്കുന്നു. ഈ രോഗം നമ്മുടെ ശരീരത്തിലെ വൃക്കകൾ, ഹൃദയം, ശ്വാസകോശം, രക്തം, ത്വക്ക്, തലച്ചോറ് തുടങ്ങിയ അവയവങ്ങളെ സാരമായി ബാധിക്കുന്നു.

## ലക്ഷണങ്ങൾ

സന്ധി വാതം

ശരീര വേദന, ക്ഷീണം, പനി, ശരീര ഭാരം കുറയുക

ത്വക്കിലുണ്ടാകുന്ന പാടുകൾ

മുടി കൊഴിച്ചിൽ

വൃക്ക സംബന്ധമായ രോഗങ്ങൾ

രക്തത്തിലുണ്ടാകുന്ന ക്രമക്കേട്- വിളർച്ച, വെളുത്ത രക്താണുക്കളുടെ കുറവ്

ശ്വാസ കോശ സ്തര വീക്കവും, ഹൃദയ സ്തര വീക്കവും മൂലമുണ്ടാകുന്ന നെഞ്ചു വേദന

വയറുവേദന

തല വേദന, മാനസീക നിലയിലുള്ള വ്യതിയാനങ്ങൾ, ആശയകുഴപ്പം, സൈക്കോസിസ്, പക്ഷാഘാതം, ചുഴലി ദീനം

വായിലും മൂക്കിലുമുണ്ടാകുന്ന വേദനയില്ലാത്ത ചെറിയ പുണ്ണുകൾ ലൂപ്പസ് രോഗനിർണ്ണയത്തിനായി സന്ധിവാത രോഗ വിദഗ്ദൻ രക്തം, മൂത്രം എന്നിവ പരിശോധിക്കുന്നു.

## SLE യുടെ കാലയളവ് വ്യത്യസ്തമാവാറുണ്ടോ?

തീർച്ചയായും, SLE രോഗം മൂന്നു തരത്തിൽ ഉണ്ടാവാറുണ്ട്.

1) ക്രമേണ തീവ്രമാകുന്നത്
2) തീവ്രത കുറഞ്ഞിട്ട് കൂടി വരുന്നത്
3) തീവ്രമായി നിലനിർക്കുന്നത്.

ഇതിൽ ക്രമേണ തീവ്രമായി വരുന്ന ലൂപ്പസാണ് കൂടുതലായി കണ്ടു വരുന്നത്. ഈ രോഗം ജീവന് ഹാനികരമാകുന്ന അവസ്ഥയിലേയ്ക്ക് എത്താം.

## ചികിത്സ

രോഗ ലക്ഷണങ്ങളും, രക്ത പരിശോധനാ ഫലവും ഏത് അവയവയത്തെ ബാധിക്കുന്നു എന്നതിനെയും ആശ്രയിച്ച് താഴെ പറയുന്നവയിൽ ഒന്നോ അതിൽ കൂടുതലോ ചികിത്സകൾ സ്വീകരിക്കാം.

1. നോൺ - സ്റ്റീറോയ്ഡൽ ആന്റി ഇൻഫ്ളമേറ്ററി മരുന്നുകൾ (NASAIDS)
2. മലേറിയക്കെതിരെയുള്ള മരുന്നുകൾ (ഹൈഡ്രോക്ലോറോകിൻ)
3. കോർടിക്കോ സ്റ്റീറോയ്ഡുകൾ (പ്രെഡ്നിസോൺ/ മീഥൈൽ പ്രെഡ്നിസോൺ)
4. രോഗ പ്രതിരോധ ശക്തിയെ മരവിപ്പിക്കുന്ന മരുന്നുകൾ - അസതയോപ്രിൻ, മീഥോട്രിക്സേറ്റ്, സൈക്ലോസ്പോറിൻ, മൈകോഫീനോലേറ്റ്, മൊഫേറ്റിൽ, സൈക്ലോഫോസ്ഫമൈഡ്. രക്തം കട്ട പിടിക്കുന്ന അവസ്ഥ ഉണ്ടെങ്കിൽ വാർഫാരിൻ, ആസ്പിരിൻ, ഹെപാരിൻ തുടങ്ങിയ മരുന്നുകൾ എടുക്കേണ്ടതായിവരും

## ലൂപ്പസ് രോഗ ബാധിതനായ സ്ത്രീക്ക് ആരോഗ്യകരമായ ഗർഭധാരണം സാധ്യമാണോ?

ലൂപ്പ്സ് രോഗബാധിതയായ സ്ത്രീകളിൽ മിക്കവർക്കും ഗർഭധാരണം സാധ്യമാണ്. എന്നാൽ സങ്കീർണ്ണതകൾ ഉണ്ടായേക്കാം. ഈ രോഗികളെ അപകട സാധ്യത കൂടിയ ഗണത്തിലെ ഉൾപ്പെടുത്തു. ഇങ്ങനെയുള്ള സ്ത്രീകൾക്ക് ഏതു സങ്കീർണ്ണതയും തരണം ചെയ്യുന്ന രീതിയിലുള്ള പരിചരണം ആവശ്യമാണ്. ആന്റി ഫോസ്ഫോ ലിപ്പിഡ് ആന്റിബോഡിയുള്ള സ്ത്രീകൾക്ക് ഗർഭമലസാനുള്ള സാധ്യതയുണ്ട്. അതുപോലെ തന്നെ, ആന്റി - റോ/ എസ്.എസ്.എ അന്റിബോഡികളുള്ള സ്ത്രീകൾ ലൂപ്പസ് ബാധയുള്ള കുഞ്ഞിന് ജന്മം നൽകാനുള്ള സാധ്യത ഉണ്ട്.

## രോഗിയായ ഒരാൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

SLE രോഗമുള്ള വ്യക്തിക്ക് ചില പ്രതിവിധികളും മരുന്നുകളും സ്വയം ചെയ്യുന്നതിലൂടെ ഈ രോഗത്തെ ഒര പരിധി വരെ നിയന്ത്രിക്കാം. SLE രോഗം ഒരിക്കലും ഭേദമാകയില്ല, പക്ഷേ, നിയന്ത്രണം വിധേയമാണ്. അനയോജ്യമായ ചികിതസ്ക്കായി നിങ്ങളുടെ സന്ധിവാത രോഗവിദ്ഗദന്റെ അഭിപ്രായം തേടാവുന്നതാണ്.

## രോഗലക്ഷണങ്ങൾ നിയന്ത്രിക്കാനുള്ള മാർഗ്ഗങ്ങൾ

1) സൂര്യപ്രകാശ രശ്മികൾ ഒഴിവാക്കുക.
2) സൂര്യപ്രകാശ രശ്മികളുടെ തീവ്രത കുറക്കുന്നതിനായി ശരീരത്തിൽ ലേപനങ്ങൾ പുരട്ടുക.
3) തലയിൽ തൊപ്പി ധരിക്കുക.
4) സൂര്യ രശ്മികളിൽ നിന്ന് സംരക്ഷണം നല്കുന്ന തരത്തിലുള്ള വസ്ത്രങ്ങൾ ധരിക്കുക.
5) ചെറിയ തോതിലുള്ള വ്യായാമം ചെയ്യുക (നടക്കുക, നീന്തൽ) എന്നാൽ വിശ്രമം ആവശ്യമുള്ളപ്പോൾ വിശ്രമിക്കുക.

NEWSLINE



നെഫ്രോളജി വിഭാഗത്തിന്റെ പത്താമത് വാർഷികം ഡയറക്ടർ ഫാ.സാബു നെടുനിലത്ത് നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു, ഡോ.ബിനു ഉപേന്ദ്രൻ സ്വാഗതം ആശംസിച്ചു. ഫാ. ഷൈജു തോപ്പിൽ, ഫാ. മാനുവൽ ലോപ്പസ് എന്നിവർ സംസാരിച്ചു. പ്രൊഫ. ആന്റണി ഐസക്ക് തന്റെ അനുഭവങ്ങൾ പങ്കുവെച്ചു. ശ്രീ. ഹരി നന്ദി പ്രകാശിപ്പിച്ചു.




## ഒരു ലോകം ഒരു വീട് ഒരു ഹൃദയം

ലോകഹൃദയാരോഗ്യ ദിനമായ സെപ്തംബർ 29 ന് ലൂർദ് ആശുപത്രിയിൽ ലോകഹൃദയാരോഗ്യ ദിനം ആചരിച്ചു. ലൂർദ് ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് ന്യൂറോ സെന്ററിൽ വച്ച് നടത്തിയ പരിപാടികൾ കാർഡിയോളജി വിഭാഗം മേധാവി ഡോ.എൻ ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.



## മുഖ്യമന്ത്രി എം. ആർ. ഐ. സ്കാൻ ഉദ്ഘാടനം ചെയ്തു

ലൂർദ് ആശുപത്രിയിലെ അത്യാധുനിക എം.ആർ.ഐ. സ്കാൻ സെന്ററിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി ശ്രീ.ഉമ്മൻ ചാണ്ടി നിർവ്വഹിക്കുന്നു. കേന്ദ്ര മന്ത്രി ശ്രീ. കെ.വി. തോമസ് , ഡയറക്ടർ ഫാ.സാബു നെടുനിലത്ത്, മെഡിക്കൽ സുപ്രണ്ട് ഡോ.പോൾ പുത്തുരാൻ, ചാൾസ് ഡയസ് എം.പി, എം.എൽ.എ മാരായ ഡൊമനിക് പ്രസന്റേഷൻ, ലൂഡി ലൂയിസ്, ബെന്നി ബെഹന്നാൻ, ഹൈബി ഈഡൻ, എന്നിവർ സമീപം.



നെഫ്രോളജി വിഭാഗത്തിന്റെ 10-ാം വാർഷികദിനത്തോട് അനുബന്ധിച്ച് ശ്രീ. എടങ്ങാട് രാജു ലൂർദ് കോൺഫ്രൻസ് ഹാളിൽ ചാക്യാർകൂത്ത് അവതരിപ്പിക്കുന്നു.




ലോക ആത്മഹത്യ പ്രതിരോധ ദിനമായ സെപ്തംബർ 10ന് ലൂർദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബിഹേവിയറൽ സയൻസ് വിഭാഗം ആത്മഹത്യ പ്രതിരോധ സന്ദേശ റാലിയും പ്രതിജ്ഞയും സംഘടിപ്പിച്ചു. വൈകിട്ട് 6 മണിക്ക് അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. റോക്കി കൊല്ലംപറമ്പിൽ ലൂർദ് ആശുപത്രി റിസപ്ഷന്റെ മുൻപിൽ നിന്നും കത്തിച്ച മെഴുകുതിരികളുമായി റാലി ഉദ്ഘാടനം ചെയ്തു. റാലിയിൽ പങ്കെടുത്ത അംഗങ്ങൾക്ക് ആത്മഹത്യവിരുദ്ധ പ്രതിജ്ഞ ഡോ. രാമചന്ദ്രൻകുട്ടി ചൊല്ലി കൊടുത്തു.

# സ്നേഹസാന്നിദ്ധ്യത്തിന്റെ കുളിർക്കാറ്റ്



സിസ്റ്റർ ഐലിൻ മാത്യു SCCG

അത് ഒരു തിങ്കളാഴ്ചയായിരുന്നു. സൂര്യന് പതിവിലേറെ ശോഭ. ഞാൻ ഒരു മുറിയുടെ വാതിലിൽ മുട്ടി. വാതിൽ തുറന്നപ്പോൾ മൂന്ന് സ്ത്രീകൾ. എല്ലാ മുഖങ്ങളിലും വിഷാദവും ഉൽക്കണ്ഠയും. എന്റെ സാമിപ്യം അവർക്ക് ആശ്വാസം നൽകിയതുപോലെ തോന്നി. ഞാൻ അവരെ സംബോധന ചെയ്ത് രോഗിയുടെ അടുക്കലേക്ക് നീങ്ങി. കരഞ്ഞു വീർത്ത കണ്ണുകളിൽ നിരാശ തളംകെട്ടി നിലക്കുന്നു. എന്നെ കണ്ടപ്പോൾ അവർ പൊട്ടികരഞ്ഞു. വളരെ സ്നേഹത്തോടെ അവരുടെ കണ്ണുകൾ തുടച്ചു. കണ്ണീരിന് വേദനയുടെ ചൂട്.

ഞാൻ തലയിൽ കൈവച്ചു പ്രാർത്ഥിച്ചു.

"മോളുടെ പേരെന്താണ്?"

പ്രാർത്ഥനക്കു ശേഷം ഞാൻ ചോദിച്ചു. എന്നെ അവൾ ഒന്നു നോക്കി

"ജോയ്സി."

"നല്ല പേര്,"

"മോൾ എന്താ കുടിച്ചത്?"

"എനിക്ക് ഒന്നും വേണ്ട."

അവളുടെ ഉത്തരത്തിന് ദേഷ്യവും നിരാശയും. അൽപ്പം കഞ്ഞിവെള്ളം എടുക്കവാൻ പറഞ്ഞു. ചെറു ചൂടുള്ള കഞ്ഞിവെള്ളം ഞാൻ തന്നെ ചുണ്ടിൽ വെച്ചു കൊടുത്തു.

"ഇത് കുടിച്ചോളു"

അര ഗ്ലാസ്സ് കഞ്ഞിവെള്ളംകുടിച്ചു. അൽപ്പം ആശ്വാസത്തോടെ ഒന്ന് ചിരിച്ചു. പിന്നീട് ആത്മഗതം പോലെ അവൾ പറഞ്ഞു.

"ആരേയും കാണുവാൻ എനിക്ക് ഇഷ്ടമില്ല. ഭർത്താവിനെ പ്പോലും, എല്ലാവരോടും വെറുപ്പാണ്."

ഒന്നുകൂടി. ഞാൻ ജോയ്സിയുടെ അടുത്തിരുന്നു പ്രാർത്ഥിച്ചു. ജോയ്സി വിഷമത്തോടെ പറഞ്ഞു

"ഞാൻ എന്റെ വീട്ടിലെ എല്ലാമായിരുന്നു. കുടുംബക്കാർക്കും അയൽപക്കക്കാർക്കും ഞാൻ വളരെ പ്രിയപ്പെട്ടവളായിരുന്നു. ഭർത്താവിന്റെ ജീവനായിരുന്നു ഞാൻ, ശമ്പളം കിട്ടിയാൽ എന്നെ ഏൽപ്പിക്കും, ഞാൻ എല്ലാം വേണ്ട പോലെ ചെയ്യും. മിടുക്കരായ രണ്ട് ആൺ മക്കൾ. ഞങ്ങളുടെ വീട് സ്വർഗ്ഗമായിരുന്നു. എന്റെ അമ്മായിയമ്മയും ഭർതൃസഹോദരിക്കും ക്യാൻസർ ആയിരുന്നു. അവരെ ഞാൻ പൊന്നു പോലെ നോക്കി എന്നാൽ ഇന്ന് ഞാനും ക്യാൻസർ രോഗിയായി മാറി സിസ്റ്റർ. എന്റെ മക്കളെ ആര് സംരക്ഷിക്കും എനിക്ക് സഹിക്കുവാൻ പറ്റുന്നില്ല."

അവൾ പൊട്ടികരഞ്ഞു അവളുടെ ഏങ്ങലടികൾ മാത്രമായി. ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ജോയ്സി തളർന്ന് ഉറങ്ങി. ഞാൻ ജോയ്സിയുടെ ഭർത്താവിനോട് പറഞ്ഞു,

"വിഷമിക്കേണ്ട നന്നായി പ്രാർത്ഥിക്കുക."

"സിസ്റ്റർ എന്റെ ജോയ്സിയെ രക്ഷിക്കണം അവൾക്ക് നല്ല ഒരു കൗൺസിലിംഗ് നടത്തണം. ആകെ ഞങ്ങൾ തകർന്നു." പ്രതീക്ഷയോടെ ജോയ്സിയുടെ ഭർത്താവ് പറഞ്ഞു.

"ജോയ്സി ഉറങ്ങട്ടെ.... മൂന്ന് മണിക്ക് വരാം."

ഞാൻ പുറത്തേക്കിറങ്ങി. ജോയ്സിക്ക് വേണ്ടി ഞാൻ നന്നായി പ്രാർത്ഥിച്ചു. കൃത്യം മൂന്ന് ഞാൻ മണിക്ക് എത്തിയപ്പോൾ എല്ലാവരും മുറിക്ക് പുറത്ത് പ്രതീക്ഷയോടെ കാത്തിരിക്കുന്നു. ഞാൻ ജോയ്സിയുടെ അടുത്ത് ചെന്ന് ഇരുന്നു.

"സിസ്റ്റർ, ഞാൻ നന്നായി ഉറങ്ങി, മനസ്സിന് അൽപ്പം ആശ്വാസം തോന്നുന്നു. എന്നാലും ആരേയും കാണുവാൻ താൽപ്പര്യം ഇല്ല". ഞാൻ ചോദിച്ചു.

"ജോയ്സിയുടെ ഈ കട്ടിലിൽ അല്ലേ ഭർത്താവ് ഇരിക്കേണ്ടത്. ജോയ്സിയെ കാണാതെ കിടന്നാൽ .. മിണ്ടാതെ കിടന്നാൽ ..." എന്റെ ചോദ്യങ്ങൾ തുടർന്നപ്പോൾ ജോയ്സിയുടെ കണ്ണുകളിൽ തിരിച്ചറിവിന്റെ കണ്ണീർമുത്തുകൾ.

ജോയ്സി എന്നെ നോക്കി പതറിയ സ്വരത്തിൽ അവൾ പറഞ്ഞു.

"എന്റെ ഭർത്താവ് എത്ര ദു:ഖിക്കുന്നു വിഷമിക്കുന്നു, വിളിക്കു സിസ്റ്റർ, എന്റെ പീറ്ററിനെ.."

കേൾക്കേണ്ട താമസ്സം. ഭർത്താവ് ഓടി വന്ന് ജോയ്സിയെ കെട്ടി പിടിച്ചു

"സാരമില്ല ജോയ്സി എല്ലാംമാറും മോളെ ഇതെല്ലാം, നമ്മുടെ ദൈവം നമ്മെ രക്ഷിക്കും".

പുറത്ത് നിന്ന മക്കളും ഓടി എത്തി.

"മമ്മീ," അവർ വിളിച്ചു.

"മക്കളെ..വിഷമിച്ചു അല്ലേ?."

"ഇല്ല മമ്മീ ഞങ്ങൾക്ക് സന്തോഷമായി."

ഓ എന്തൊരാശ്വാസം എല്ലാവർക്കും അത്ഭുതം.

"സിസ്റ്റർ എനിക്ക് സമാധാനമായി. സിസ്റ്റർ എന്നും വരണം പ്രാർത്ഥിക്കണം. ദൈവമാണ് സിസ്റ്ററിനെ വിട്ടത്."

പീറ്ററിന്റെ വാക്കുകളിൽ നന്ദിയുടെ വിതുമ്പൽ

"ദൈവം തൊട്ട ഒരാളുടെ സേവനവും ശുശ്രൂഷയും മറ്റൊരാൾക്ക് ആനന്ദത്തിന് കാരണമായി ഭവിക്കുന്നു".

## HIGHER ENDS



### ഫുള്ളി ഓട്ടോമേറ്റഡ് എലൈസ അനലൈസർ

എച്ച്.ഐ.വി, ഹെപ്പറ്റൈറ്റിസ്ബി, സി തുടങ്ങിയവ സ്ഥിരീകരിക്കുന്ന തിനാവശ്യമായ ടെസ്റ്റുകൾ ചെയ്യുന്നതിനുള്ള ആധുനീക ഉപകരണം

### ഇലക്ട്രിക് ഷോർട്ട്വേവ് ഡയതെർമി

പേശികളിലേയും സന്ധികളിലേയും മറ്റും നീർക്കെട്ടുകൾകുറക്കുന്നതിനും, വേദന സംഹാരത്തിനും ഉപയോഗിക്കുന്ന ഇലക്ട്രിക്ക് ഉപകരണം

### കാർഡിയോറ്റോക്കോ ഗ്രാഫ് (CTG)

ഗർഭസ്ഥ ശിശുവിന്റെ ഹൃദയമിടിപ്പ് തത്സമയം മോനിട്ടർ ചെയ്യുന്നതിനും അതോടൊപ്പം ഗർഭാശയത്തിന്റെ സങ്കോചവികാസങ്ങളും, കുട്ടിയുടെ അനക്കവും മനസ്സിലാക്കാൻ സഹായിക്കുന്നു.



### അൾട്രാസൗണ്ട് സ്കാനർ

കരൾ, കുടൽ, ഗർഭസ്ഥ ശിശു, രക്തകുഴലിലൂടെയുള്ള രക്ത പ്രവാഹം തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കാൻ അൾട്രാസൗണ്ട്വേവ് ഇമേജിങ്ങ് ഉപയോഗിച്ചുള്ള പഠനം സാധ്യമാക്കുന്നു.

## DISCHARGE SHEET



# രക്തദാനം സ്നേഹസന്ദേശം

സിസ്റ്റർ ജോത്സ SCCG

ജീവൻ ദൈവദാനമാണ്. ജീവന്റെ നിദാനമോ രക്തവും.അതുകൊണ്ട് രക്തദാനം ജീവദാനം തന്നെ. ഈ പ്രപഞ്ചത്തിൽ ജീവൻ ഏറ്റവും അമൂല്യമാണ്. ജീവൻ നിലനിർത്താൻ സഹായിക്കേണ്ടത് നമ്മൾ ഓരോരുത്തരുടെയും കടമയാണ്. ദൈവത്തിന്റെ മഹത്തായ സൃഷ്ടികർമ്മത്തിലുള്ള പങ്കുചേരലാണത്. നമുക്ക് ജീവൻ നിലനിർത്താനും സംരക്ഷിക്കാനും സാധിക്കും. രക്തദാനം അതിനുള്ള സുപ്രധാനമാർഗ്ഗമത്രെ.

പതിനെട്ടിനും അറുപതിനും പ്രായത്തിനിടയിൽ 50 കിലോ ഗ്രാമിനുമേൽ തൂക്കമുള്ള ആരോഗ്യവാന്മാർക്ക് രക്തദാനം ചെയ്യാവുന്നതാണ്. ആരോഗ്യവാനായ ഒരു വ്യക്തിയുടെ ശരീരത്തിൽ 5 മുതൽ 6 ലിറ്റർ വരെ രക്തം ഉണ്ട്. ഇതിൽ കേവലം 350 മുതൽ 450 മില്ലിലിറ്റർ മാത്രമാണ് ഓരോ പ്രാവശ്യവും രക്തദാനം നടത്തുമ്പോൾ നാം നൽകുന്നത്. 24 മണിക്കൂറിനുള്ളിൽ ഈ രക്തം നമ്മുടെ ശരീരത്തിൽ പുനർ നിർമ്മിക്കപ്പെടുന്നു. രക്തദാനം ഒരിക്കലും ദാതാവിന് ഹാനികരമല്ല. മറിച്ച് ആരോഗ്യത്തിന് വളരെ നല്ലതുമാണ്. കാരണം നമ്മുടെ ശരീരത്തിലുള്ള രക്താണുക്കൾ നിശ്ചിതകാലം കഴിയുമ്പോൾ നശിച്ചു പോകുന്നു. പിന്നീട് പുതിയവ ഉണ്ടാകുന്നു. ഇങ്ങനെനശിച്ചു പോകാനിടയുള്ളവയാണ് നമ്മൾ ദാനമായി നൽകുന്നത്. . അതിനാൽ ഓരോ മൂന്ന് മാസം കൂടുന്തോറും ആരോഗ്യവാന്മാർക്കും ആരോഗ്യവതികൾക്കം രക്തദാനം നടത്താവുന്നതാണ്. രക്തദാനം വളരെ ലളിതവും സുരക്ഷിതവുമാണ്. അണുവിമുക്തമായ സൂചിയും ഉപകരണങ്ങളുമാണ് രക്തം ശേഖരിക്കുവാൻ ഉപയോഗിക്കുന്നത്.

രക്തം നൽകിയാൽ അത് ശരീരത്തിൽ ഉത്പാദിപ്പിക്കപ്പെടുകയില്ലെന്നും അതുവഴി ആരോഗ്യം കുറഞ്ഞു പോകുമെന്നും, രോഗങ്ങൾ പെട്ടെന്ന് ബാധിക്കുമെന്നുമുള്ള രക്തദാനത്തെക്കുറിച്ച് നിലനിൽക്കുന്ന തെറ്റിദ്ധാരണയും പേടിയുമാണ് പലരെയും ഈ മഹനീയകർമ്മത്തിൽ നിന്നും പിൻവലിക്കുന്നത്. രക്തദാനത്തിനുശേഷം ദാതാവ് എപ്പോഴും കൂടുതൽ പാനീയങ്ങൾ കുടിക്കാൻ ശ്രദ്ധിക്കണം എന്ന മാത്രം.

യേശു പറയുന്നു ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവൻ ഉണ്ടാകുവാനും അത് സമൃദ്ധിയായി ഉണ്ടാകുവാനുമാണ്. (യോഹ 10:10) നമുക്ക് സമൃദ്ധിയായി കിട്ടിയിരിക്കുന്ന രക്തത്തിന്റെ ഒരു പങ്ക് മറ്റുള്ളവർക്കായി മാറ്റിവെക്കുമ്പോൾ നമ്മുടെ ജീവൻ തന്നെയാണ് നാം പങ്കുവെക്കുന്നത്. അങ്ങനെഅനേകം പേർക്ക് ജീവൻ പകർന്നുകൊണ്ട് ജീവനും ചൈതന്യവുമുള്ള പുതിയ തലമുറയെ വാർത്തെടുക്കുന്നതിന് നമുക്ക് പരിശ്രമിക്കാം.

അനേകം പേർക്ക് അവയവങ്ങൾ നല്കിയാണ് ഒരാൾ മരണത്തിലേക്കു മറയുന്നതെങ്കിൽ അത്രയും പേരുടെ ജീവനിൽ അയാൾ ഒരിക്കലും മാഞ്ഞുപോകാത്ത സാന്നിധ്യമായി മാറും. ജീവിച്ചിരിക്കുമ്പോൾത്തന്നെ ചെയ്യേണ്ട നന്മകൾ നേരത്തേ തിരിച്ചറിയാം. മനുഷ്യത്വത്തിന്റെ മുദ്ര പതിപ്പിച്ചുകൊണ്ട് നമുക്ക് മുന്നേറാം.

**വാൽകഷ്ണം:**

രക്തം സൗജന്യമായി ദാനം ചെയ്യുമ്പോഴും അതു സ്വീകരിക്കുന്ന വ്യക്തിക്ക് രോഗവിമുക്തമായ ശുദ്ധ രക്തം തന്നെയാണ് ലഭ്യമാകുന്നത് എന്ന് വിവിധ ടെസ്റ്റുകൾ നടത്തി സ്ഥിരീകരിക്കേണ്ടതുണ്ട്. ഇപ്രകാരം എച്ച്.ഐവി, ഹെപ്പറ്റൈറ്റിസ് ബി, എച്ച് സി വി, വി ഡി ആർ എൽ, എം പി എന്നീ രക്ത പരിശോധനകൾ നടത്തുന്നതിനു വേണ്ട മൂലകങ്ങൾക്ക് ചെലവേറും. താമസം കൂടാതെ കൃത്യമായ റിപ്പോർട്ട് നൽകുന്ന യന്ത്ര സംവിധാനങ്ങൾ കൂടിയാകുമ്പോഴാണ് രക്തസ്വീകരണം പണച്ചെലവുള്ളതാകും.

LOURDES HOSPITAL
www.lourdeshospital.in
Ernakulam, Kochi - 682 012, Kerala, India
Tel: +91 484 4123456, 4125555 Fax: +91 484 2393720
email: lourdeshospital@vsnl.com